LIBRARY ARCHIVES Kerala Legislative Assembly

അവരുടെ വെൽഫെയറിനുവേണ്ടി ശ്രമിക്കുക എന്നതിനപ്പുറത്തേക്ക് ഒരു സംഘടനയ്ക്കും പ്രവർത്തിക്കാൻ അവകാശമില്ല. ആ വ്യാപാര രംഗത്തെ അംഗങ്ങളുടെ വെൽഫെയറിനുവേണ്ടിയാണ് അവർ സംഘടന ഉണ്ടാക്കിയിട്ടുള്ളത്. വെൽഫെയറിനുവേണ്ടിയാണെങ്കിൽ വെൽഫെയറിനു വേണ്ടി പ്രവർത്തിക്കണം. അല്ലാതെ അനധികൃതമായോ നിയമവിരുദ്ധമായോ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് പോലെ പ്രവർത്തിക്കുന്ന ഏതെങ്കിലുമൊരു സമീപനം ഒരു സംഘടനയുടെ പ്രത്യേകിച്ചും, ഈ മരുന്നു വ്യാപാര രംഗത്തെ സംഘടനയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ സെക്ഷൻ 18 പ്രകാരം കർശനമായ നടപടികൾ സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

(4) പി.എച്ച്.സി.-യെ സി.എച്ച്.സി.യായി ഉയർത്താൻ നടപടി

<u>ശ്രീ. വി ചെന്താമരാക്ഷൻ</u>: സർ, കൊല്ലങ്കോട് പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി ഉയർത്തണമെന്നതാണ് എന്റെ ആവശ്യം. കൊല്ലങ്കോട് പി.എച്ച്.സി.-യിൽ ആവശ്യത്തിനുള്ള ഡോക്ടർമാർ ഇല്ലാത്തതിനാൽ ആശുപത്രി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഒരു സിവിൽ സർജന്റേയും അസിസ്റ്റന്റ് സർജന്റേയും തസ്തികയുണ്ടായിരുന്ന ഈ ആശുപത്രിയിൽ, നിലവിലുണ്ടായിരുന്ന സിവിൽ സർജൻ റിട്ടയർ ചെയ്തതിനുശേഷം പ്രസ്തുത തസ്തികയും അസിസ്റ്റന്റ് സർജൻ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. സമീപ പ്രദേശത്തെ അഞ്ച് പഞ്ചായത്തുകളിലെ ആദിവാസി ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ള സാധാരണ ജനവിഭാഗങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണ് ഇത്. ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തതുമൂലം ചികിത്സയ്ക്കായി സ്വകാര്യആശുപത്രികളെ സമീപിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. കിടത്തി ചികിത്സയും, പോസ്റ്റ്മോർട്ടം സൗകര്യവുമുണ്ടായിരുന്നത് ഇപ്പോഴില്ല. എന്നുമാത്രമല്ല, പി.എച്ച്.സി. ആയതുകൊണ്ട് കൂടുതൽ ഡോക്ടർമാരുമില്ല. അതുകൊണ്ട് കൊല്ലങ്കോട് പി.എച്ച്.സി.-യെ സി.എച്ച്.സി.-യാക്കി ഉയർത്തണം. ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ച് കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യം ഉണ്ടാക്കണമെന്നതാണ് എന്റെ ആവശ്യം.

<u>ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)</u>: സർ, കൊല്ലങ്കോട് ഒരു പിന്നോക്ക പ്രദേശമാണ്. പക്ഷേ, കൊല്ലങ്കോട് പി.എച്ച്.സി.-യെ ഒരു 24/7 പി.എച്ച്.സി. ആയി ഇപ്പോൾ ഉയർത്തിയിട്ടുണ്ട്. ഒരു സിവിൽ സർജന്റെയും ഒരു അസിസ്റ്റന്റ് സർജന്റെയും തസ്തികയാണ് നിലവിലുള്ളതെങ്കിലും കമ്പൽസറി റൂറൽ സർവ്വീസിലുള്ള ഒരു ഡോക്ടർ ഉൾപ്പെടെ മൂന്ന് ഡോക്ടർമാർ അവിടെ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, പല ആശുപത്രികളിലേയും ഡോക്ടർമാരുടെ പ്രവർത്തനം ആ പ്രദേശത്തെ പാവപ്പെട്ട രോഗികൾക്ക് അനുസൃതമായി വരുന്നില്ല എന്നുള്ള ചില കംപ്ലെയ്ന്റുകൾ കിട്ടിയിട്ടുണ്ട്. അതുപോലെ കൊല്ലങ്കോട് പി.എച്ച്.സി.യിൽ മൂന്ന് ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ടെങ്കിലും

ആദിവാസി വിഭാഗത്തിൽപ്പെട്ടവർ വരുമ്പോൾ ചെറിയ ചെറിയ രോഗികൾക്കു പോലും അഡ്മിഷൻ വേണമെങ്കിൽ അവിടെ കൊടുക്കാവുന്നതാണ്. അതിനുള്ള സൗകര്യവുമുണ്ട്. ഇതിനെ സംബന്ധിച്ച് പരിശോധിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ, എല്ലാ പി.എച്ച്.സി.കളേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്താൻ ഇനി സാധ്യമല്ല. ഇപ്പോൾ തന്നെ ഉയർത്തിയ ആശുപത്രികൾക്ക് അധികമായി ആവശ്യമായിട്ടുള്ള സ്റ്റാഫിനുവേണ്ടിയുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. അതിനുമുമ്പ് വീണ്ടും ഏതെങ്കിലും ഒരു ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുപകരം നിലനിൽക്കുന്ന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഒരു നല്ല ആശുപത്രിയായി പ്രവർത്തിക്കാൻ ആവശ്യമായ നടപടി ആരോഗ്യവകുപ്പ് സ്വീകരിക്കുന്നതാണ്.

(5) പ്രാദേശിക വികസന ഫണ്ട്

പ്രൊഫ. എൻ. ജയരാജ്: സർ, സഭയുടെ പൊതുവായിട്ടുള്ള ഒരു വികാരമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. എം.എൽ.എ. ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിച്ച് സഹായിക്കുക എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. മെറ്റീരിയൽസിന് വിലയും തൊഴിലാളികളുടെ വേതനവും വർദ്ധിച്ചതുമൂലം, പുതിയ ഷെഡ്യൂളുകൾ നിലവിൽ വന്നപ്പോൾ എം. എൽ. എ. ഫണ്ട് കൊണ്ട് നേരത്തെ ചെയ്യാൻ പറ്റുമായിരുന്ന പ്രവർത്തികൾ ചെയ്യാൻ കഴിയുകയില്ല. നേരത്തെ ഒരു ലക്ഷം രൂപയ്ക്ക് 80 മീറ്റർ റോഡ് ടാർ ചെയ്യാമായിരുന്നുവെങ്കിൽ ഇപ്പോൾ അത് 55 മീറ്ററായി കുറഞ്ഞു. കോൺക്രീറ്റിംഗ് നേരത്തെ 60 മീറ്റർ ചെയ്യാമായിരുന്നത് ഇപ്പോൾ 35 മീറ്ററായി കുറഞ്ഞു. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിലും ഇതേ പ്രശ്നം തന്നെയാണ്. മാത്രമല്ല, എം. എൻ. ഭവന നിർമ്മാണ പദ്ധതികൾക്കും സമ്പൂർണ്ണ വൈദ്യുതീകരണം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കും എം.എൽ.എ. ഫണ്ട് ഉപയോഗിക്കണമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വരുമ്പോൾ സ്വാഭാവികമായും അതിനെല്ലാം എം.എൽ.എ. ഫണ്ട് വിനിയോഗിക്കേണ്ട സാഹചര്യമുണ്ട്. മാത്രമല്ല, പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ട് രണ്ട് കോടി രൂപയിൽ നിന്ന് അഞ്ച് കോടി രൂപയായി വർദ്ധിപ്പിക്കാൻ പോവുകയാണ്. അതുകൊണ്ട് എനിക്ക് വളരെ വിനയപൂർവ്വം അപേക്ഷിക്കുവാനുള്ളത് എം.എൽ.എ.മാരുടെ പ്രാദേശിക ഫണ്ട് വർദ്ധിപ്പിക്കുവാനുള്ള നടപടി തീർച്ചയായിട്ടും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഒരു കാലത്ത് ഗുരുവായൂർ പത്മനാഭന്റെ ഗ്രാമമായിരുന്നു എം.എൽ.എ. ഫണ്ടിന്. പക്ഷേ, ഇന്നതില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അപ്പോൾ പല ജനപ്രതിനിധികളും ഭയപ്പെട്ടാണ് അവരുടെ മണ്ഡലങ്ങളിൽ നിൽക്കുന്നത്. കാരണം ആളുകൾ പറയുന്നത് ചെയ്യാൻകഴിയുന്നില്ല. അതുകൊണ്ട് നാടിന്റെ പ്രാദേശിക വികസനത്തിന്റെ വിഷയമെന്നുള്ള നിലയിൽ വളരെ ഗൗരവമുള്ള ഇക്കാര്യത്തിൽ അനുകൂലമായ നടപടിയെടുക്കണമെന്നതാണ് എന്റെ സബ്മിഷൻ. ഇത് ബഹുമാനപ്പെട്ട ചെയർ ഉൾപ്പെടെയുള്ള ആളുകളുടെ ഒരു വികാരമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly